**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 250/2024**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ തുടർപഠനം എന്ന നിലയിൽ നാലു പതിറ്റാണ്ടുകളായി പ്രവർത്തിച്ചുവരുന്ന ഒരു ആത്മീയ പ്രസ്ഥാനമാണല്ലോ 'ദിവ്യബോധനം'. ആയിരക്കണക്കിന് അത്മായർക്ക് ഇതിനകം തന്നെ വി. വേദപുസ്തകവും, സഭാചരിത്രവും, പാരമ്പര്യവും, ആരാധന, വിശ്വാസം എന്നിവയും ആഴമായി പഠിക്കുവാൻ ഈ പ്രസ്ഥാനം സഹായകമായതിൽ ദൈവത്തെ സ്തുതിക്കുന്നു. പ്രസ്ഥാനത്തിന്റെ ഇത്രയും കാലത്തെ പ്രവർത്തനഫലമായി വിപുലീകരിച്ചുവന്ന യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടും ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികൾ മനസ്സിലാക്കിയും പുതുക്കി തയ്യാറാക്കിയ ഭരണഘടന 2024 ജൂലൈ മാസത്തിൽ കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിക്കുകയുണ്ടായി എന്നത് നാം നിങ്ങളെ അറിയിക്കുന്നു.

'ദിവ്യബോധനം' പഠനപദ്ധതിയിൽ ചില നൂതന പരിഷ്കാരങ്ങൾ വരുത്തുന്നതിനെക്കുറിച്ച് പ്രസ്ഥാനം പ്രസിഡണ്ട് അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ നിങ്ങളെ അറിയിക്കുന്നതാണ്. 2025 ജനുവരി മുതൽ 'ദിവ്യബോധനം' കോഴ്സുകളുടെ പുതിയ ബാച്ച് ആരംഭിക്കുകയാണ്. ഇതുവരെ ഡിഗ്രിതലം വരെയുള്ള പഠനമാണ് ഉണ്ടായിരുന്നത്. എന്നാൽ പുതുതായി പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൂടി ആരംഭിക്കുന്നതിന് നാം അനുവദിച്ചിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

നമ്മുടെ എല്ലാ ഇടവകകളിലും 'ദിവ്യബോധനം' യൂണിറ്റുകൾ ആരംഭിക്കണമെന്നും പ്രിയപ്പെട്ട വൈദികർ ഉത്സാഹപൂർവ്വം അതിന് നേതൃത്വം നൽകണമെന്നും നാം സ്നേഹപൂർവ്വം പ്രബോധിപ്പിക്കുന്നു.

പ്രസ്ഥാനം പ്രസിഡണ്ടിന്റെ ശുപാർശ അനുസരിച്ച് ദിവ്യബോധനം എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായി താഴെ പറയുന്നവരെ നാം നിയമിച്ചിരിക്കുന്നു.

പ്രസിഡണ്ട് : അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ
വൈസ് പ്രസിഡണ്ട് : ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ (കോട്ടയം വൈദിക സെമിനാരി പ്രിൻസിപ്പാൾ)
ബർസാർ : ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്, കൊട്ടയ്ക്കാട്ട് (കോട്ടയം വൈദിക സെമിനാരി ബർസാർ)
രജിസ്ട്രാർ : ഫാ. ഡോ. മാത്യൂസ് ജോൺ, മനയിൽ (കോട്ടയം വൈദിക സെമിനാരി)
പബ്ലിക്കേഷൻ ഓഫീസർ : ഫാ. സിജു വർഗീസ് കോശി, മണലിൽ
എക്സിക്യൂട്ടീവ് കോ-ഓർഡിനേറ്റർ : പ്രൊഫ. ഡോ. ചെറിയാൻ തോമസ്, പണിക്കരുവീട്
കമ്മറ്റി അംഗങ്ങൾ - അഭിവന്ദ്യ ഡോ. തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (മുൻ രജിസ്ട്രാർ എക്സ് ഒഫിഷ്യോ)
ഫാ. ഡോ. റജി മാത്യു, തൈപ്പറമ്പിൽ
പ്രൊഫ. ഡോ. സാം വി. ഡാനിയേൽ വടക്കേക്കോട്ടയിൽ
ശ്രീ. എം. ഡെന്നി വർഗീസ്, മാന്നുള്ളിൽ

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...................

2024 സെപ്റ്റംബർ മാസം 24-ാം തീയതി
സൗത്ത് വെസ്റ്റ് അമേരിക്ക ഭദ്രാസനത്തിന്റെ
ഹൂസ്റ്റൺ അരമനയിൽ നിന്നും

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**